REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 08-03-2026 | സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം. ന്യൂഡൽഹിയിൽ രാവിലെ രാഷ്ട്രപതി ദ്രൗപദി മുർമു അന്താരാഷ്ട്ര വനിതാ ദിനത്തിലെ പ്രധാന പരിപാടിയിൽ പങ്കാളിയാകും.**
- **തിരുവനന്തപുരത്ത് ഗവർണറുടെ പത്നി അനഘ ആർലേക്കർ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യും.**
- **പശ്ചിമേഷ്യയിലെ സംഘർഷമേഖലയിൽ നിന്ന് ഇതുവരെ 52,000-ത്തിലധികം ഇന്ത്യക്കാരെ തിരിച്ചെത്തിച്ചതായി വിദേശകാര്യമന്ത്രാലയം.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഇന്ന് മുപ്പത്തി മൂവായിരത്തി 500 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.**
- **ICC ട്വന്റി 20 പുരുഷ ലോകകപ്പ് കിരീടത്തിനായി ഇന്ത്യ വൈകിട്ട് ന്യൂസിലാന്റിനെ നേരിടും.**
- **ലക്ഷ്യസെൻ ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ഫൈനലിൽ.**

## വാർത്തകൾ വിശദമായി

ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം. സ്ത്രീകളുടെയും പെൺകുട്ടികളുടെയും അവകാശങ്ങളും ലിംഗസമത്വവും അടക്കം നിരവധി വിഷയങ്ങളിൽ ശക്തമായ ചർച്ചകളും സംവാദങ്ങളും സാധ്യമാക്കുകയാണ് വനിതാ ദിനത്തിന്റെ ലക്ഷ്യം. അവകാശങ്ങൾ, നീതി, പ്രവർത്തനം എന്നതാണ് ഈ വർഷത്തെ ദിനാഘോഷ

പ്രമേയം. 'നേടാനായി, കൊടുക്കുക' എന്ന ആഗോള ക്യാമ്പയിനാണ് ഈ വർഷത്തെ സവിശേഷത.

രാഷ്ട്രപതി ദ്രൗപദി മുർമു വനിതകൾ അടക്കം എല്ലാ പൗരന്മാർക്കും വനിതാ ദിനാശംസകൾ നേർന്നു. സമൂഹത്തിന്റെയും രാജ്യത്തിന്റെയും അടിസ്ഥാനം വനിതകളാണെന്നും വിദ്യാസമ്പന്നരും സ്വയംപര്യാപ്തത നേടിയവരും ശാക്തീകരിക്കപ്പെട്ടവരുമായ വനിതകൾക്ക് രാജ്യത്തിന്റെ വികസനത്തിനും ക്ഷേമത്തിനും നിർണായക സംഭാവനകൾ നൽകാനാകുമെന്ന് ദിനാചരണ സന്ദേശത്തിൽ രാഷ്ട്രപതി പറഞ്ഞു.

ന്യൂഡൽഹിയിൽ രാവിലെ രാഷ്ട്രപതി ദ്രൗപദി മുർമു മനേക്ഷാ സെന്ററിൽ അന്താരാഷ്ട്ര വനിതാ ദിനത്തിലെ പ്രധാന പരിപാടിയിൽ പങ്കാളിയാകും. വനിതാ-ശിശു വികസന മന്ത്രി അന്നപൂർണാ ദേവി, സഹമന്ത്രി സാവിത്രി ഥാക്കൂർ, തുടങ്ങിയവരും പരിപാടിയിൽ പങ്കെടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്.........

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾക്കായി കർത്തവ്യ പഥിൽ 'ശക്തിവോക്ക്" എന്നപേരിൽ കൂട്ടനടത്തവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

150-ലേറെ മന്ത്രാലയങ്ങളിലേയും, വകുപ്പുകളിലേയും, സംഘടനകളിലേയും ആയിരത്തോളം വനിതാ ജീവനക്കാർ പങ്കെടുക്കുന്ന പരിപാടിയിൽ സായുധ സേനയിലേയും, പോലീസിലേയും, മറ്റ് മേഖലകളിലേയും പ്രതിനിധികൾ പങ്കെടുക്കും.

ഉദ്ഘാടന പരിപാടിക്ക് ശേഷം 'പുതിയ തൊഴിൽ നിയമവും വനിതാ ശാക്തീകരണവും', 'വനിതാ സ്വയം സഹായ സംഘങ്ങൾ സംരംഭകരാകുമ്പോൾ' എന്നീ വിഷയങ്ങളിൽ പാനൽ ചർച്ചയും ഉണ്ടായിരിക്കും.

ദേശീയത, വംശീയത, ഭാഷ, സംസ്കാരം, സാമ്പത്തികം, രാഷ്ട്രീയം എന്നിവയ്ക്ക് അതീതമായി സ്ത്രീകൾ കൈവരിച്ച നേട്ടങ്ങൾ അംഗീകരിക്കാനും, തുല്യാവകാശം ഉറപ്പുവരുത്താനും 1977ലാണ് ഐക്യരാഷ്ട്ര സംഘടന വനിതാ ദിനാഘോഷങ്ങൾക്ക് തുടക്കമിട്ടത്. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ തലം വരെ ലിംഗസമത്വം ഉറപ്പാക്കാൻ രാജ്യത്ത് നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

✪✪✪

തിരുവനന്തപുരത്ത് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ പത്നി, അനഘ ആർലേക്കർ സെൻട്രൽ സ്റ്റേഡിയത്തിൽ വനിതാ ദിന ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്യും. യുവജനകാര്യ സ്പോർട്സ് മന്ത്രാലയം, MY ഭാരതിന്റേയും സ്പോർട്സ് അതോറിറ്റിയുടെയും സഹകരണത്തോടെ 'അസ്മിത' സംരംഭത്തിൽ കായിക മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. സൈക്കിൾ റാലി, സൂംബാ നൃത്തം, അത്‌ലറ്റിക് മത്സരം, വടംവലി, ലെമൺ ആന്റ് സ്പൂൺ റെയ്സ് എന്നിവ മത്സര ഇനങ്ങളാണ്. പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, മലപ്പുറം, ജില്ലകളിലും കായിക മത്സരങ്ങൾ ഉണ്ടായിരിക്കും.

✪✪✪

സ്ത്രീ സുരക്ഷയും സഞ്ചാര സ്വാതന്ത്ര്യവും ഉറപ്പാക്കുന്ന കേരള പൊലീസിന്റെ നിർഭയ നിശ ഇന്ന് മുതൽ സംസ്ഥാന വ്യാപകമായി നടപ്പാക്കും. തിരുവനന്തപുരം മാനവീയം വിഥിയിൽ ഡിജിപി റവദാ ചന്ദ്രശേഖർ പദ്ധതി സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഉദ്ഘാടനവും പൊലീസ് വാഹനങ്ങളുടെ ഫ്ലാഗ് ഓഫും നിർവഹിക്കും.

✪✪✪

ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ വിജയാ രഹത്കർ അന്താരാഷ്ട്ര വനിതാ ദിനത്തിൽ രാജ്യത്തെ സ്ത്രീകൾക്ക് ആശംസ നേർന്നു. വനിതകളുടെ സുരക്ഷയും അന്തസ്സും ഉറപ്പാക്കാൻ രാജ്യത്ത് ശക്തമായ നിയമങ്ങളുണ്ടെന്നും അവ അനുശാസിക്കുന്ന അവകാശങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട് പോകണമെന്നും അവർ പറഞ്ഞു. ജീവിതത്തിൽ മുന്നേറ്റമുണ്ടാക്കാൻ സ്ത്രീകൾക്ക് ഒട്ടേറെ അവസരങ്ങൾ രാജ്യത്ത് ലഭിക്കുന്നുണ്ടെന്ന് ആകാശവാണി വാർത്തകളോട് സംസാരിക്കവെ ചെയർപേഴ്സൺ വ്യക്തമാക്കി.

✪✪✪

വനിതാ ദിനാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട്ട് SAI, MY Bharat, NSS എന്നിവയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥിനികൾക്കായി സ്വയരക്ഷ പരിശീലനവും യോഗ ക്ലാസും സംഘടിപ്പിച്ചു. അത്‌ലറ്റിക്സിൽ അന്താരാഷ്ട്ര മെഡൽ ജേതാക്കളായ ലിക്സി ജോസഫും, നിക്സി ജോസഫും ചേർന്നാണ് പരിപാടി ഉദ്ഘാടനം ചെയ്തത്.

✪✪✪

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ വനിതാ സൗഹൃദ കൂട്ടായ്മ വനിത-ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ 'ജ്വാല വനിതാ ഫെസ്റ്റ്' സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ ഉദ്ഘാടനം ചെയ്തു.

✪✪✪

ഈ മാസം ഒന്നു മുതൽ ഇന്നലെ വരെ പശ്ചിമേഷ്യയിലെ സംഘർഷമേഖലയിൽ നിന്ന് 52,000-ത്തിലധികം ഇന്ത്യക്കാർ രാജ്യത്ത് തിരിച്ചെത്തിയതായി വിദേശകാര്യമന്ത്രാലയ വക്താവ് റൺദീർ ജെയ്സ്വാൾ അറിയിച്ചു. വാണിജ്യ വിമാന സർവീസുകൾ ലഭ്യമല്ലാത്ത രാജ്യങ്ങളിൽ, സമീപത്തെ വാണിജ്യ വിമാന ഓപ്ഷനുകളെക്കുറിച്ച് വിവരങ്ങൾക്ക് എംബസിയെയോ കോൺസുലേറ്റിനെയോ ബന്ധപ്പെടണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

പശ്ചിമേഷ്യയിലെയും ഗൾഫ് മേഖലയിലെയും സ്ഥിതിഗതികൾ ഗവൺമെന്റ് നിരന്തരം നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. വ്യോമാതിർത്തി ഭാഗികമായി തുറന്നതിനെത്തുടർന്ന് ഇന്ത്യൻ യാത്രക്കാരെ തിരിച്ചെത്തിക്കുന്നതിന് വിമാനങ്ങൾ പ്രത്യേക സർവീസ് നടത്തുന്നുണ്ട്.

ഇന്ന് അബുദാബി, ദുബായ്, മസ്കറ്റ്, റാസൽഖൈമ, ഷാർജ എന്നിവിടങ്ങളിലേക്കും തിരിച്ചും ഷെഡ്യൂൾ ചെയ്യാത്ത കൂടുതൽ വിമാനങ്ങൾ സർവീസ് നടത്തുമെന്ന് എയർ ഇന്ത്യ സാമൂഹിക മാധ്യമത്തിൽ അറിയിച്ചു. പശ്ചിമേഷ്യയിലെ എട്ടിടങ്ങളിലേക്ക് ഇൻഡിഗോയും ഇന്ന് സർവീസ് നടത്തും.

✪✪✪

പശ്ചിമേഷ്യൻ സാഹചര്യം കണക്കിലെടുത്ത്, CBSE ഈ മാസം 9, 10, 11 തീയതികളിൽ ഗൾഫ് മേഖലയിൽ നടത്താനിരുന്ന 12-ാം ക്ലാസ് പരീക്ഷകൾ മാറ്റിവച്ചു. പരീക്ഷകളുടെ പുതിയ തീയതികൾ പിന്നീട് പ്രഖ്യാപിക്കുമെന്ന് ബോർഡ് പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഇന്ന് മുപ്പത്തി മൂവായിരത്തി 500 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. 18,300 കോടി രൂപ ചെലവിൽ ഡൽഹി മെട്രോയുടെ വിപുലീകരണത്തിന് അദ്ദേഹം തറക്കല്ലിടും.  മെട്രോയുടെ പുതിയ രണ്ട് പുതിയ ഇടനാഴികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. മൂന്ന് ഇടനാഴികളുടെ നിർമ്മാണത്തിനും അദ്ദേഹം തുടക്കം കുറിക്കും. 15,200 കോടി രൂപ ചെലവ് വരുന്ന ജീവനക്കാരുടെ ജനറൽ പൂൾ റസിഡൻഷ്യൽ പദ്ധതിക്കും പ്രധാനമന്ത്രി തറക്കല്ലിടും.

✪✪✪

നവകേരളം കേവലം സങ്കൽപ്പമല്ലെന്നും, എല്ലാ പ്രദേശത്തും വികസന സ്പർശം എത്തുമ്പോഴും ഓരോരുത്തരും വികസനത്തിലെ പങ്കാളിയാകുമ്പോഴുമാണ് ഇത് യാഥാർത്ഥ്യമാകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊച്ചി, ചെല്ലാനം ടെട്രാപോഡ് തീരസംരക്ഷണ

പദ്ധതിയുടെ ഒന്നാം ഘട്ട പൂർത്തീകരണ പ്രഖ്യാപനവും, രണ്ടാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനവും നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. രണ്ടാം ഘട്ടത്തിൽ പുത്തൻതോട് മുതൽ മാനാശ്ശേരി ഫിഷിംഗ് ഗ്യാപ്പ് വരെ ഭാഗമാണ് സംരക്ഷിക്കുന്നത്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി കേരളത്തിലെ ജനങ്ങളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കാനും സ്ത്രീകളുടെയും യുവാക്കളുടേയും ശാക്തീകരണത്തിനും ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസിന്റെ അഞ്ച് ഗ്യാരണ്ടികൾ പ്രഖ്യാപിച്ചു. സ്ത്രീകൾക്ക് സൗജന്യ ബസ് യാത്ര, വിദ്യാർത്ഥിനികൾക്ക് പ്രതിമാസം ആയിരം രൂപ, സാമൂഹ്യ ക്ഷേമ പെൻഷൻ വർദ്ധന, ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയടക്കം പദ്ധതികളാണ് കോൺഗ്രസ് അധികാരത്തിലെത്തിയാൽ നടപ്പാക്കുകയെന്ന് അദ്ദേഹം തിരുവനന്തപുരത്ത് അറിയിച്ചു. UDF-ന്റെ പുതുയുഗ യാത്രയുടെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കണ്ണൂർ ജില്ലയിലെ ചെറുകുന്ന്- പട്ടുവം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കാവിൻമുനമ്പ് പാലത്തിന്റെ പ്രവൃത്തി മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. കിഫ്ബിയിൽ ഉൾപ്പെടുത്തി 91 കോടി രൂപ ചെലവിൽ കുറ്റിക്കോൽ പുഴക്ക് കുറുകെയാണ് പാലം നിർമ്മിക്കുന്നത്.

✪✪✪

ICC ട്വന്റി - 20 പുരുഷ ലോകകപ്പ് ഫൈനലിൽ നിലവിൽ ചാമ്പ്യൻമാരായ ഇന്ത്യ ഇന്ന് ന്യൂസിലാന്റിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിന് മത്സരം തുടങ്ങും. ട്വന്റി - 20 ലോകകപ്പിൽ ഇന്ത്യയുടെ നാലാം ഫൈനലാണിത്. മൂന്നാം കിരീടം ലക്ഷ്യമിടുന്ന ഇന്ത്യക്കെതിരെ ആദ്യ കിരീടമോഹത്തോടെയാണ് ന്യൂസിലാന്റ് ക്രീസിലിറങ്ങുന്നത്. മലയാളി താരം സഞ്ജു സാംസൺ-ന്റെ മികച്ച പ്രകടനമാണ് സെമിയിൽ ഇന്ത്യയെ ജേതാക്കളാക്കിയത്.

✪✪✪

ഇന്ത്യയുടെ ലക്ഷ്യസെൻ ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ സിംഗിൾസ് ഫൈനലിൽ. ബിർമിംഗ്ഹാമിൽ കാനഡയുടെ വിക്ടർ ലായിയെ രണ്ട് സെറ്റുകൾക്ക് തോൽപ്പിച്ചാണ് ലക്ഷ്യാസെൻ

ഫൈനലിലെത്തിയത്. ഇന്ന് ലോക നമ്പർ 11 ചൈനീസ് തായ്പയുടെ ലിൻ ചുൻ യീ യെ ലക്ഷ്യാസെൻ നേരിടും.

✪✪✪

AFC വനിതാ ഏഷ്യൻ കപ്പ് ഫുട്ബോളിൽ ഇന്ത്യയെ മറുപടിയില്ലാത്ത 11 ഗോളിന് തോൽപ്പിച്ച് ജപ്പാൻ നോക്കൗട്ട് സ്റ്റേജിൽ പ്രവേശിച്ചു. ചൊവ്വാഴ്ച രാത്രി ഇന്ത്യ, ചൈനീസ് തായ്പേയ് യെ നേരിടും.

✪✪✪

കാസർകോട് ജില്ലാ പഞ്ചായത്ത് ആസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന അമ്മയും കുഞ്ഞും ശില്പം വൈകാതെ നാടിന് സമർപ്പിക്കും. പ്രായാധിക്യം കണക്കിലെടുക്കാതെ ശില്പി കാനായി കുഞ്ഞിരാമൻ നേരിട്ടെത്തിയാണ് ശില്പത്തിന്റെ അവസാന ഘട്ട മിനുക്കുപണികൾക്ക് നേതൃത്വം നൽകുന്നത്.

കാസർകോട്ട് നിന്ന് പി ജഗന്നിവാസൻ.

..........വോയ്സ്........

✪✪✪

തൃശ്ശൂർ ചെട്ടിയങ്ങാടി ജുമാ മസ്ജിദിൽ സംഘടിപ്പിച്ച റംസാൻ നോമ്പുതുറയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്നലെ പങ്കെടുത്തു. 500 ഓളം പേർ ഇഫ്ത്താർ പരിപാടിയിൽ പങ്കെടുത്തു.

✪✪✪

ഗുരുവായൂർ ക്ഷേത്രോത്സവം നാളെ സമാപിക്കും. പത്ത് ദിവസത്തെ ക്ഷേത്രോത്സവത്തിൽ ഒൻപതാം ദിനമായ ഇന്ന് പള്ളിവേട്ടയും, ഗ്രാമപ്രദക്ഷിണവുമാണ് പ്രധാന ചടങ്ങുകൾ. ഉച്ചതിരിഞ്ഞ് ഭക്തജനങ്ങൾക്ക് നാലമ്പലത്തിൽ പ്രവേശന നിയന്ത്രണം ഉണ്ടായിരിക്കും. നാളെ രാവിലെ ആറാട്ടോടെ ഉത്സവം സമാപിക്കും.

✪✪✪

കോഴിക്കോട് ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ഇരിങ്ങല്ലൂരിൽ സ്വകാര്യ നിർമ്മാണ കമ്പനികൾ മണ്ണിനുവേണ്ടി കുന്നിടിക്കുകയാണെന്ന പരാതി അടിയന്തരമായി പരിശോധിക്കാൻ മനുഷ്യാവകാശ കമ്മീഷൻ ജൂഡീഷ്യൽ അംഗം K. ബൈജൂനാഥ് നിർദ്ദേശം നൽകി. ജില്ലാ കലക്ടറും ഒളവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഒരാഴ്ചക്കകം റിപ്പോർട്ട് നൽകണം. മാർച്ച് 18 ലെ സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪

News Editor : അനിൽ ചന്ദ്രൻ
News Reader : ശരണ്യ രാജൻ
NRTs:, ഫസ്ന ഫാത്തിമ,
DEO: സി കെ സുബോധ്